2026
OCTOBER
30
FRIDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

എൽ.എൻ.ജി. ഇറക്കുമതിച്ചെലവിൽ 23% വർധന

മുംബൈ: ആഗോള വിപണിയിൽ ഇന്ധനവില ഉയർന്നതോടെ ഇന്ത്യയുടെ ഇന്ധന ഇറക്കുമതിച്ചെലവിൽ കുത്തനെ വർധന. രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് ഇത് കനത്ത സമ്മർദമാകും. പെട്രോളിയം പ്ലാനിങ് ആൻഡ് അനാലിസിസ് സെല്ലിന്റെ (പി.പി.എ.സി.) കണക്കനുസരിച്ച്, നടപ്പു ധനകാര്യവർഷത്തിന്റെ ആദ്യപകുതിയിൽ (ഏപ്രിൽ സെപ്റ്റംബർ) ദ്രവീകൃത പ്രകൃതിവാതകം (എൽ.എൻ.ജി.) ഇറക്കുമതി ചെയ്യാൻ ഇന്ത്യ 850 കോടി ഡോളറാണ് (8.5 ബില്യൺ) ചെലവഴിച്ചത്. കഴിഞ്ഞവർഷം ഇതേ കാലയളവിൽ 690 കോടി ഡോളറായിരുന്നു.

ഇറക്കുമതി ചെയ്ത വാതകത്തിന്റെ അളവിൽ 4.4 ശതമാനത്തിന്റെ നേരിയ വർധന മാത്രമാണ് രേഖപ്പെടുത്തിയത്. എന്നാൽ, മൊത്തം ചെലവിൽ 23 ശതമാനത്തിന്റെ വൻ വർധനയുണ്ടായി. ഈ അധിക ബാധ്യത രാജ്യത്തിന്റെ കറന്റ് അക്കൗണ്ട് കമ്മി വർധിപ്പിക്കും. വളം, ഊർജ മേഖലകളിലെ കേന്ദ്ര സബ്സിഡി ഭാരവും ഗണ്യമായി ഉയർത്തും. പശ്ചിമേഷ്യൻ സംഘർഷങ്ങളെത്തുടർന്നുള്ള വിതരണ തടസ്സങ്ങളും ആഗോള വിപണിയിലെ വിലക്കയറ്റവുമാണ് പ്രധാന കാരണം. വാങ്ങുന്ന വാതകത്തിന്റെ അളവിൽ കാര്യമായ മാറ്റമില്ലാതിരുന്നിട്ടും ആഗോളതലത്തിലെ ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ ആഭ്യന്തര ഊർജച്ചെലവിനെ നേരിട്ട് ബാധിക്കുകയാണ്. ഇതിനുപുറമേ, ആഭ്യന്തര ഘടകങ്ങളും വിദേശ വാതക ആശ്രയത്വം വർധിക്കാൻ കാരണമായി.

ആഭ്യന്തര ഊർജ ഉത്പാദനത്തിലുണ്ടാകുന്ന ഇടിവ് അന്താരാഷ്ട്ര വിപണിയിലെ അസ്ഥിരതകൾക്കിടയിൽ ഇന്ത്യയ്ക്ക് കനത്ത ഭീഷണിയാകുന്നു. പ്രകൃതിവാതക ഉത്പാദനം കുറഞ്ഞതോടെ, ആവശ്യങ്ങൾ നിറവേറ്റാൻ ഉയർന്ന തുക നൽകി വിദേശ വിപണികളെ ആശ്രയിക്കേണ്ട അവസ്ഥയിലാണ് രാജ്യം. സെപ്റ്റംബർ മാസത്തെ കണക്കുകൾ പ്രതിസന്ധിയുടെ വ്യാപ്തി വ്യക്തമാക്കുന്നു. സെപ്റ്റംബറിൽ ഇറക്കുമതി ചെയ്ത വാതകത്തിന്റെ അളവ് 8.5 ശതമാനം കുറഞ്ഞ് 2,957 എം.എം.എസ്.സി.എം. ആയെങ്കിലും 120 കോടി ഡോളറോളമാണ് ഇന്ത്യ ചെലവഴിച്ചത്. ഉപയോഗം കുറഞ്ഞിട്ടും അന്താരാഷ്ട്ര വിപണിയിലെ വിലക്കയറ്റം കാരണം വൻതുക നൽകേണ്ടിവരുന്നത് കനത്ത തിരിച്ചടിയാണ്.

ജിയോ: ലോകത്തെ ഏഴാമത്തെ വലിയ ടെലികോം ഭീമൻ

മുംബൈ: ഓഹരിവിപണിയിലെ തകർപ്പൻ അരങ്ങേറ്റത്തിനു തൊട്ടുപിന്നാലെ വിപണി മൂല്യത്തിൽ ലോകത്തെ ഏറ്റവും വലിയ ഏഴാമത്തെ ടെലികോം കമ്പനിയെന്ന നേട്ടം സ്വന്തമാക്കി ജിയോ പ്ലാറ്റ്ഫോംസ്.

ഏഷ്യൻ വിപണിയിൽ ചൈന മൊബൈലിനു തൊട്ടുപിന്നിൽ രണ്ടാം സ്ഥാനത്താണ് ഇപ്പോൾ ജിയോ. ലിസ്റ്റിംഗോടെ ഏകദേശം 131.5 ബില്യൺ ഡോളറാണ് (ഏകദേശം 12.5 ലക്ഷം കോടി) കമ്പനിയുടെ വിപണിമൂല്യം.

ആഗോളതലത്തിൽ 218.9 ബില്യൺ ഡോളർ (ഏകദേശം 20.79 ലക്ഷം കോടി രൂപ) വിപണിമൂല്യവുമായി ചൈന മൊബൈലാണ് ഒന്നാമത്. വെറൈസൺ (182.5 ബില്യൺ ഡോളർ), സോഫ്റ്റ്ബാങ്ക് ഗ്രൂപ്പ് (169.6 ബില്യൺ ഡോളർ), ടിമൊബൈൽ യുഎസ് (157.5 ബില്യൺ ഡോളർ), എടി ആൻഡ് ടി (141.1 ബില്യൺ ഡോളർ എന്നിവരാണ് എന്നിവരാണ് യഥാക്രമം തൊട്ടടുത്ത സ്ഥാനങ്ങളിൽ.

ഏഴാം സ്ഥാനത്തുള്ള ജർമനിയുടെ ഡോയ്ച്ച ടെലികോമിന് (135.6 ബില്യൺ ഡോളർ/ഏകദേശം 12.88 ലക്ഷം കോടി രൂപ) തൊട്ടുപിന്നിലായി സ്ഥാനംപിടിക്കാൻ ജിയോയ്ക്കു സാധിച്ചു. 1119 രൂപ ഐപിഒ ഇഷ്യു വില നിശ്ചയിച്ചിരുന്ന ജിയോ ഓഹരികൾ വിപണിയിൽ ലിസ്റ്റ് ചെയ്തത് 1358 രൂപയ്ക്കാണ്. രാജ്യത്തെ ഏറ്റവും വലിയ ഐപിഒയിലൂടെ 30,213 കോടി രൂപയാണ് കമ്പനി സമാഹരിച്ചത്.

ടെലികോം കണക്ടിവിറ്റിക്ക് അപ്പുറത്തേക്ക് സ്വന്തമായി വികസിപ്പിച്ചെടുത്ത അത്യാധുനിക സാങ്കേതികവിദ്യകൾ വാണിജ്യവത്കരിക്കാനാണ് ജിയോയുടെ നീക്കം.

4ജി, 5ജി, 6ജി, ക്ലൗഡ്നേറ്റീവ് കോർ നെറ്റ്വർക്കുകൾ, എഐ നെറ്റ്വർക്ക് ഓട്ടോമേഷൻ എന്നിവയിലായി 7220 പേറ്റൻറുകൾ കമ്പനി ഇതിനകം ഫയൽ ചെയ്തിട്ടുണ്ട്.

ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ് പ്ലാനുകൾ ടാറ്റ ന്യൂവിൽ ലഭ്യമാകും

കൊച്ചി: ആക്സിസ് മാക്സ് ലൈഫ് ഇൻഷ്വറൻസിന്റെ തെരഞ്ഞെടുക്കപ്പെട്ട ലൈഫ് പ്രൊട്ടക്ഷൻ പ്ലാനുകളും ദീർഘകാല സേവിംഗ്സ് സൊലൂഷ്യനുകളും ഇനി ഡിജിറ്റൽ പ്ലാറ്റ്ഫോമായ ടാറ്റാ ന്യൂവിലൂടെ ലഭ്യമാകും. ഇതിനായി ടാറ്റാ ഡിജിറ്റലിന്റെ അനുബന്ധ സ്ഥാപനമായ ടാറ്റ ഫിൻടെക്കുമായി ആക്സിസ് മാക്സ് ലൈഫ് ഇൻഷ്വറൻസ് സഹകരണം പ്രഖ്യാപിച്ചു. ആക്സിസ് മാക്സ് ലൈഫിന്റെ ലൈഫ് ഇൻഷുറൻസ് വൈദഗ്ധ്യത്തെ ടാറ്റ ഡിജിറ്റലിന്റെ ഡിജിറ്റൽ ഇക്കോസിസ്റ്റവുമായി സംയോജിപ്പിക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് ഇൻഷ്വറൻസ് പ്ലാനുകൾ വാങ്ങുന്നത് ലളിതമാക്കും.ഉപഭോക്താക്കൾ വിവിധ സാമ്പത്തിക, ജീവിതശൈലി ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഒരു പ്ലാറ്റ്ഫോമിൽ ലൈഫ് ഇൻഷുറൻസ് ലഭ്യമാക്കുന്നതിനാണ് സഹകരണം രൂപകൽപ്പന ചെയ്തിരിക്കുന്നത്. സാമ്പത്തിക ഉദ്ദേശ്യത്തിനും പ്രവർത്തനത്തിനും ഇടയിലുള്ള ദൂരം കുറയ്ക്കുന്നതിലൂടെ, ആക്സിസ് മാക്സ് ലൈഫും ടാറ്റ ഡിജിറ്റലും സംരക്ഷണവും ദീർഘകാല ആസൂത്രണവും കൂടുതൽ പ്രാപ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

മൈക്രോസോഫ്റ്റിൽ സ്വയം വിരമിക്കൽ പദ്ധതി; 60,000 ജീവനക്കാർക്ക് അവസരം

ബെഗളൂരു: ആർട്ടിഫീഷ്യൽ ഇന്റലിജൻസ് മേഖലയിലെ ചെലവുകൾ വർധിക്കുന്നതിനിടെ, ഇന്ത്യയിലടക്കം നാല് രാജ്യങ്ങളിലെ ജീവനക്കാർക്കായി സ്വയം വിരമിക്കൽ പദ്ധതി പ്രഖ്യാപിച്ച് ആഗോള ടെക് ഭീമനായ മൈക്രോസോഫ്റ്റ്. അർഹരായ ജീവനക്കാർക്ക് സാമ്പത്തിക ആനുകൂല്യങ്ങളോടെ കമ്പനി വിടാനുള്ള അവസരമാണ് ഇതിലൂടെ നൽകുന്നത്. ഏകദേശം 60,000 ജീവനക്കാരെ ഇങ്ങനെ ഒഴിവാക്കാനാണ് പദ്ധതി. കമ്പനിയുടെ ആഗോള തലത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ നാലിലൊന്നിലധികം വരും ഈ എണ്ണം. മൈക്രോസോഫ്റ്റിന്റെ വാർഷിക റിപ്പോർട്ട് പ്രകാരം, 2026 ജൂൺ 30ന് കമ്പനിക്ക് ആഗോളതലത്തിൽ 2,23,000 മുഴുവൻ സമയ ജീവനക്കാരുണ്ടായിരുന്നു. ഗെയിമിങ് വിഭാഗത്തിന്റെ പുനഃസംഘടനയുടെ ഭാഗമായി ഈ വർഷം ജൂലൈയിൽ 4,800 ജീവനക്കാരെ കുറയ്ക്കുമെന്ന് കമ്പനി പ്രഖ്യാപിച്ചിരുന്നു. ആഗോള ജീവനക്കാരുടെ ഏകദേശം 2.1 ശതമാനമാണിത്.

ഇന്ത്യ, യുഎസ്, യുകെ, കാനഡ എന്നീ രാജ്യങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ടീമുകളിലെ ജീവനക്കാർക്കാണ് പദ്ധതി. നിശ്ചിത സമയത്തേക്ക് മാത്രമുള്ള ഈ ഓഫർ സ്വീകരിക്കണോ എന്ന് ജീവനക്കാർക്ക് ഡിസംബർ ആദ്യംവരെ തീരുമാനിക്കാം. ഓഫർ സ്വീകരിക്കുന്നവർക്ക് ഈ വർഷം അവസാനത്തോടെ ജോലി വിടാം. എഐ എക്സ്പീരിയൻസസ്, കോപൈലറ്റ്, ഫിനാൻസ്, ഹ്യൂമൻ റിസോഴ്സസ്, എക്സ്ബോക്സ്, വിൻഡോസ് പ്ലസ് ഡിവൈസസ് തുടങ്ങിയ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് പദ്ധതിയിൽ പങ്കെടുക്കാനാകും. അതേസമയം, മാർക്കറ്റിങ്, കൊമേഴ്സ്യൽ ബിസിനസ്, സെക്യൂരിറ്റി തുടങ്ങിയ വിഭാഗങ്ങളെ പദ്ധതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. സാമ്പത്തിക സഹായത്തിനൊപ്പം കരിയർ ആസൂത്രണത്തിനുള്ള സഹായവും പദ്ധതിയുടെ ഭാഗമായി ലഭിക്കും.

എന്നാൽ, മൈക്രോസോഫ്റ്റിന്റെ എല്ലാ വിഭാഗങ്ങളിലും പദ്ധതി ഒരേ രീതിയിൽ നടപ്പാക്കില്ല. ഓരോ ബിസിനസ് വിഭാഗത്തിന്റെയും മുൻഗണനകൾ, ജീവനക്കാരുടെ ആവശ്യങ്ങൾ എന്നിവ പരിഗണിച്ചായിരിക്കും ജീവനക്കാരുടെ പങ്കാളിത്തം തീരുമാനിക്കുക. ഓരോ ജീവനക്കാരന്റെയും പദവി, ജോലി ചെയ്യുന്ന സ്ഥലം, കമ്പനിയിലെ സേവനകാലം എന്നിവ പരിഗണിച്ചാണ് ആനുകൂല്യങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. മൈക്രോസോഫ്റ്റിലെ ജീവനക്കാരുടെ സീനിയോറിറ്റി സൂചിപ്പിക്കുന്ന ലെവലുകൾ അനുസരിച്ച് ആനുകൂല്യത്തിലും വ്യത്യാസമുണ്ടാകും.

പ്രൊഫ. ബി.മദുസൂധനകുറുപ്പ് അനുസ്മരണ സമ്മേളനവും പുസ്തക പ്രകാശനവും കേരളം ഇന്ന്

കൊച്ചി: മത്സ്യ ശാസ്ത്രജ്ഞനും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ കലാശാല (കുസാറ്റ്) സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് മുൻ ഡയറക്ടറും പ്രൊഫസറും, കേരളം ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ സ്ഥാപക വൈസ്ചാൻസിലറും ആയിരുന്ന പ്രൊഫ. ബി. മദുസൂധനകുറുപ്പ് അനുസ്മരണ സമ്മേളനവും അദ്ദേഹം അവസാനമായി രചിച്ച‘എക്സ്പ്ലോറിങ് ദി ലെഗസി ഓഫ് ഫിഷിങ് ആൻഡ് ഫാർമിംഗ് ബിലോ സീലെവൽ: വേമ്പനാട് കോൽ വെറ്റിലൻഡ്സ് ഓഫ് സതേൺ ഇന്ത്യ‘ എന്ന പുസ്തകത്തിന്റെ പ്രകാശനവും ഒക്ടോബർ 30ന് വൈകിട്ട് 3:30ന് എറണാകുളം ബി. ടി.എച്ച്. ഹോട്ടലിൽവെച്ച് നടക്കുന്ന ചടങ്ങിൽ കേരളം മുഖ്യമന്ത്രി വി.ഡി. സതീശൻ അനുസ്മരണവും പുസ്തക പ്രകാശനവും നിർവഹിക്കും.

കേരളം ഫിഷറീസ് വകുപ്പ് മന്ത്രി അഡ്വ. വി.ഇ. അബ്ദുൽ ഗഫൂർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഫിഷറീസ് വകുപ്പ് മുൻപ് കൈകാര്യം ചെയ്തിരുന്ന കെ.ബാബു, എസ്. ശർമ്മ എന്നീ മുൻ മന്ത്രിമാർ ചേർന്ന് പുസ്തകത്തിന്റെ ആദ്യ കോപ്പി മുഖ്യമന്ത്രിയുടെ കയ്യിൽ നിന്നും ഏറ്റുവാങ്ങും. കൊച്ചി മേയർ അഡ്വ. വി.കെ. മിനിമോൾ, ഹൈബി ഈഡൻ എം.പി., ടി.ജെ.വിനോദ് എം.എൽ.എ, കുസാറ്റ് സിണ്ടിക്കേറ്റ് അംഗവും എം.എൽ.എ മുഹമ്മദ്ഷിയാസ്, കൗൺസിലർ വി.കെ. കൃഷ്ണകുമാർ, കുസാറ്റ് രജിസ്ട്രർ ഡോ. ഹരിഗോവിന്ദ് പി.സി, സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് ഡയറക്ടർ പ്രൊഫ. മിനി ശേഖരൻ തുടങ്ങിയവർ ചടങ്ങിൽ സംസാരിക്കും. പ്രഗത്ഭനായ മത്സ്യ ശാസ്ത്രജ്ഞനും, സമർപ്പിതനായ അധ്യാപകനും, മത്സ്യബന്ധന വിദ്യാഭ്യാസം, ജല ജൈവ വൈവിധ്യ ഗവേഷണം, മൺസൂൺ കാല ട്രോളിങ് ഉൾപ്പെടെയുള്ള നിരവധി കമ്മീഷനുകളിൽ അംഗം, കേരളം ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അഡ്വൈസർ, ഇന്ത്യയിലെ ആദ്യ ഫിഷറീസ് സർവകലാശാലയായ കുഫോസിന്റെ സ്ഥാപക വൈസ് ചാൻസലർ, ഉത്തർപ്രദേശിലെ ശ്രീ വെങ്കിടേശ്വര സർവകലാശാലയുടെ മൂന്നാമത്തെ വൈസ് ചാൻസലർ, എന്നീ വിവിധ മേഖലകളിൽ മായാത്ത സംഭാവനകൾ നൽകിയാണ് പ്രൊഫ. ബി. മദുസൂധനകുറുപ്പ് 2026 ഒക്ടോബർ 18 ആം തീയതി അന്തരിച്ചത്.

നാല് പതിറ്റാണ്ടിലേറെ നീണ്ട ഗവേഷണ പരിചയമുള്ള അദ്ദേഹം 22 ഡോക്ടറൽ ഗവേഷകർക്ക് മാർഗ്ഗ നിർദ്ദേശം നൽകി. അവരിൽ പലരും പിന്നീട് മത്സ്യ മേഖലയിലെ വിദ്യാഭ്യാസം, ഗവേഷണം, ഭരണ നിർവ്വഹണം തുടങ്ങിയ രംഗങ്ങളിൽ ഉന്നത പദവികൾ വഹിച്ചു. 250ലധികം ഗവേഷണ പ്രബന്ധങ്ങളും എഡിറ്റ് ചെയ്ത 11 പുസ്തകങ്ങളും അദ്ദേഹത്തിന്റെ വിജ്ഞാനപരമായ സംഭാവനകളിൽ ഉൾപ്പെടുന്നു. കൂടാതെ, ഗവേഷകരെ ഒന്നിപ്പിക്കാനും ശാസ്ത്രീയ സഹകരണം ശക്തിപ്പെടുത്താനുമായി നിരവധി ദേശീയ, അന്തർദേശീയ സമ്മേളനങ്ങളും അദ്ദേഹം സംഘടിപ്പിച്ചു.

വേമ്പനാട്കായലും അതിന്റെ സംരക്ഷണവും അദ്ദേഹത്തിന്ഏ ഏറെ പ്രിയപ്പെട്ട വിഷയങ്ങളായിരുന്നു. ഡോ. സിലീഷ് മുല്ലശ്ശേരിയുമായി ചേർന്ന് അദ്ദേഹം രചിച്ച ’എക്സ്പ്ലോറിംഗ് ദി ലെഗസി ഓഫ് ഫിഷിംഗ് ആൻഡ് ഫാമിംഗ് ബിലോ സീലെവൽ: വേമ്പനാട്കോൾ വെറ്റ്ലാൻഡ്സ് ഓഫ് സതേൺ ഇന്ത്യ’ എന്ന പുസ്തകം പുറത്തിറങ്ങാനിരിക്കെയാണ് അദ്ദേഹത്തിന്റെ വിയോഗം സംഭവിച്ചത്.

സമുദ്ര നിരപ്പിലുണ്ടാകുന്ന ഉയർച്ച, നഗരവൽക്കരണം, മലിനീകരണം എന്നിവ സൃഷ്ടിക്കുന്ന വെല്ലുവിളികൾക്കൊപ്പം, കായലിന്റെ പാരിസ്ഥിതിക സാഹചര്യങ്ങൾ, ആവാസ വ്യവസ്ഥയുടെ ആരോഗ്യം, ജലവിഭവ പരിപാലനം, മത്സ്യബന്ധനം എന്നിവയെക്കുറിച്ചുള്ള സമഗ്രമായ ഒരു വിവരണം ആവശ്യമാണെന്ന് അദ്ദേഹം പുസ്തകത്തിന്റെ ആമുഖത്തിൽ ചൂണ്ടിക്കാട്ടിയിരുന്നു.

ഗവേഷകർ, നയരൂപീകരണ വിദഗ്ധർ, പരിസ്ഥിതി സംരക്ഷണ പ്രവർത്തകർ എന്നിവരെ ഒന്നിപ്പിക്കാനും, സുസ്ഥിരമായ പരിപാലന തന്ത്രങ്ങൾ രൂപപ്പെടുത്താൻ സഹായിക്കുന്ന ഒരു വിഭവമായി വർത്തിക്കാനും ഈ പുസ്തകത്തിന് കഴിയുമെന്ന് അദ്ദേഹം വിഭാവനം ചെയ്തു.

കുസാറ്റ് ഗവേഷകർക്ക് മികച്ച ശാസ്ത്ര പ്രബന്ധത്തിനുള്ള പുരസ്കാരം

കൊച്ചി: സമുദ്രോത്പന്നങ്ങളിൽ കാണപ്പെടുന്ന ബാക്ടീരിയകൾക്കിടയിൽ ആന്റിമൈക്രോബിയൽ പ്രതിരോധശേഷി നൽകുന്ന ജീനുകൾ കൈമാറ്റം ചെയ്യപ്പെടുന്നതിനെക്കുറിച്ചുള്ള ഗവേഷണ പ്രബന്ധത്തിന് സൊസൈറ്റി ഓഫ് ഫിഷറീസ് ടെക്നോളജിസ്റ്റ്സ് നൽകുന്ന 2025ലെ മികച്ച ശാസ്ത്ര പ്രബന്ധത്തിനുള്ള പുരസ്കാരം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്), കോട്ടയം മഹാത്മാഗാന്ധി സർവകലാശാല, മാറമ്പള്ളി എം.ഇ.എസ്. കോളേജ് എന്നിവിടങ്ങളിലെ ഗവേഷകർക്ക് ലഭിച്ചു.

ഫിഷറി ടെക്നോളജി ജേണലിന്റെ 62ാം വാല്യത്തിലെ രണ്ടാം ലക്കത്തിൽ പ്രസിദ്ധീകരിച്ച "Conjugal Transfer of the blaC-TX-M-1 Gene Between Escherichia coli and Salmonella enterica Serovar Enteritidis in Seafood" എന്ന പ്രബന്ധത്തിനാണ് പുരസ്കാരം ലഭിച്ചത്. കുസാറ്റ് മറൈൻ ബയോളജി വകുപ്പിലെ മുഹമ്മദ് ഹാത്ത അബ്ദുള്ള, ദിവ്യ പി. സുകുമാരൻ, ഏഞ്ചൽ ബെനിറ്റ ക്രിസ്റ്റി, ജിസ്മോൾ പൗലോസ്, ഗോപിക ശിവൻ, മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിലെ സിത്താര ജോഷി, മാറമ്പള്ളി എം.ഇ.എസ്. കോളേജ് ബയോടെക്നോളജി വകുപ്പിലെ ആലി സി. ആന്റണി എന്നിവരാണ് പ്രബന്ധത്തിന്റെ രചയിതാക്കൾ.

സമുദ്രോത്പന്നങ്ങളിൽ കാണപ്പെടുന്ന കക്ക, ചെമ്മീൻ തുടങ്ങിയവയിലെ ബാക്ടീരിയകൾക്കിടയിൽ ആന്റിബയോട്ടിക് പ്രതിരോധശേഷി നൽകുന്ന ജീനുകൾ കൈമാറ്റം ചെയ്യപ്പെടുന്ന രീതിയും ഈ പ്രക്രിയയിൽ താപനിലയ്ക്കുള്ള സ്വാധീനവുമാണ് പഠനവിധേയമാക്കിയത്.

ഭക്ഷ്യസുരക്ഷയും പൊതുജനാരോഗ്യവും ഉറപ്പാക്കുന്നതിനായി സമുദ്രോത്പന്നങ്ങളിലെ ആന്റിബയോട്ടിക് പ്രതിരോധശേഷിയുള്ള ബാക്ടീരിയകളെ നിരീക്ഷിക്കേണ്ടതിന്റെ പ്രാധാന്യം പഠനഫലങ്ങൾ വ്യക്തമാക്കുന്നു. മനുഷ്യരുടെയും മൃഗങ്ങളുടെയും ആരോഗ്യവും പരിസ്ഥിതിയും തമ്മിലുള്ള പരസ്പരബന്ധം അംഗീകരിക്കുന്ന വൺ ഹെൽത്ത് സമീപനത്തിനും ഈ ഗവേഷണം പിന്തുണ നൽകുന്നു.

പാറേൽ പള്ളിക്ക് ബസിലിക്ക പദവി

ചങ്ങനാശേരി: പാറമേൽ പണിത പാറേൽ പള്ളി ബസലിക്ക പദവിയിലേക്കുയരുന്പോൾ വിശ്വാസസമൂഹത്തിന് ആത്മനിർവൃതി. നിർമാണം പൂർത്തിയാക്കി നവംബർ 21ന് കൂദാശകർമങ്ങൾക്ക് തയാറെടുക്കുമ്പോഴാണ് ചങ്ങനാശേരി അതിരൂപതയിലെ മരിയൻ തീർഥാടനകേന്ദ്രമായ പാറേൽപള്ളിക്ക് വത്തിക്കാനിൽനിന്ന് മൈനർ ബസിലിക്കാ പദവി ലഭിക്കുന്നത്.

മർത്ത് മറിയം ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ഫ്രൈൻ ബസിലിക്ക എന്ന പേരിലാകും ഈ ദേവാലയ സമുച്ചയം ഇനി അറിയപ്പെടുന്നത്.

ഒരുനൂറ്റാണ്ട് മുമ്പ് ചങ്ങനാശേരി-വാഴൂർ റോഡരികിൽ എസ്ബി സ്കൂളിനും കുരിശുംമൂടിനുമിടയിൽ പാറയ്ക്കൽ എന്നും പാറയിൽ എന്നും അറിയപ്പെട്ടിരുന്ന സ്ഥലത്ത് സ്ഥാപിക്കപ്പെട്ടതിനാലാണ് പാറേൽ പള്ളി എന്നപേരു ലഭിച്ചത്. ഈ ദേവാലയത്തിൻറെ പൗരാണികതയും ചരിത്രപാരമ്പര്യംവും പരിശുദ്ധ കന്യാകാമാതാവിന്റെ മധ്യസ്ഥതയും വിശ്വാസസമൂഹത്തിന് ഹൃദയനിർഭരവും ചരിത്രപ്രസിദ്ധവുമാണ്. ചമ്പക്കുളം കല്ലൂർക്കാട് സെൻറ് മേരീസ് പള്ളിയും പാറേൽ പള്ളിയും ഉൾപ്പെടെ ചങ്ങനാശേരി അതിരൂപതയ്ക്ക് രണ്ട് തീർഥാടന കേന്ദ്രങ്ങളാണുള്ളത്.

ഒമ്പതാം പീയൂസ് മാർപാപ്പ പരിശുധ മറിയം അമലോത്ഭവയാണെന്ന സത്യം പ്രഖ്യാപിച്ചതിന്റെ സുവർണജൂബിലിയുടെ സ്മാരകമായി 1904ലാണ് അന്നത്തെ ബിഷപ്പായിരുന്ന മാർ മാത്യു മാക്കീലിന്റെ നേതൃത്വത്തിൽ വികാരി ജനറാൾ മോൺ. സിറിയക് കണ്ടങ്കരി പാറേൽ പള്ളി സ്ഥാപിച്ചത്. 1906 ഡിസംബർ ഏഴിനാണ് ആദ്യ പള്ളിയുടെ കൂദാശ.

പള്ളി സ്ഥാപനത്തിന്റെ 122ാം വാർഷിക നിറവിലാണ് ബസിലിക്ക പദവി ലഭിക്കുന്നത്. 1972 പുതിയ ദേവാലയത്തിന് അന്നത്തെ ആർച്ച്ബിഷപ് മാർ ആൻറണി പടിയറ ശിലാസ്ഥാപനം നടത്തി. 1974ൽ അദ്ദേഹംതന്നെ കൂദാശാകർമം നിർവഹിച്ചു. 1977ൽ ചങ്ങനാശേരി അതിരൂപതയുടെ മരിയൻ തീർഥാടന കേന്ദ്രമായി ഉയർത്തി.

1981 ജൂൺ ഒന്നിന് പാറേൽ പള്ളി സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കപ്പെട്ടു. 1904 മുതലുള്ള പാരമ്പര്യമാണ് പാറേൽപള്ളി തിരുനാളിനുള്ളത്.

2014ലാണ് പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപനം അന്നത്തെ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചത്. പാറേൽ മർത്ത്മറിയം വലിയപള്ളി, അമലോത്ഭവമാതാ പള്ളി, നിത്യാരാധനാ ചാപ്പൽ, കുമ്പസാരം, കൗൺസിലിംഗ്, ആരാധന, പ്രാർഥന, തീർഥാടകർക്കുള്ള വിശ്രമകേന്ദം എന്നിങ്ങനെ മൂന്നു നിലകളിലായി കേരള വാസ്തുശില്പ ശൈലിയുടെ മനോഹാരിത തുളുമ്പുന്ന രീതിയിലാണ് പാറേൽ ദേവാലയം നിർമിച്ചിരിക്കുന്നത്.

മൂവായിരംപേർക്ക് ഒരേസമയം തിരുക്കർമങ്ങളിൽ പങ്കെടുക്കാനുള്ള ക്രമീകരണങ്ങൾ പുതിയ ദേവാലയത്തിനുണ്ട്.

ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ബിരുദദാനച്ചടങ്ങിന്റെ ഉദ്ഘാടനം ചിന്മയ മിഷൻ അഗോള അധ്യക്ഷനും, സർവകലാശാല ചാൻസിലറുമായ സ്വാമി സ്വരൂപാനന്ദ സരസ്വതി ഉദ്ഘാടനം നിർവഹിക്കുന്നു. ഡോ. പത്മ സുബ്രഹ്മണ്യം, ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകാശാല വൈസ് ചാൻസിലർ പ്രൊഫ. മനോജ് കുമാർ അറോറ, മാനേജിങ് ട്രസ്റ്റി സുരേഷ് വാദ്വാനി, റജിസ്ട്രർ ഇൻ ചാർജ് ഡോ.പി.രാജേന്ദ്രൻ, ചിന്മയ ഇന്റർനാഷണൽ ഫൗണ്ടേഷൻ പ്രസിഡന്റ് സ്വാമി അദ്വയാനന്ദ, ഡെക്കാൻ കോളേജ് പോസ്റ്റ് ഗ്രാജുവേറ്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ചാൻസിലർ ഡോ. ഭൂഷൺ പട്‌വർധൻ തുടങ്ങിയവർ സമീപം

വിനയവും മൂല്യബോധവും ജീവിതത്തിന്റെ അടിത്തറയാക്കണം: സ്വാമി സ്വരൂപാനന്ദ

കൊച്ചി: വിനയവും മൂല്യബോധവും ജീവിതത്തിന്റെ അടിത്തറയാക്കണമെന്ന് ചിന്മയ മിഷൻ ആഗോള അധ്യക്ഷനും ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ചാൻസിലറുമായ സ്വാമി സ്വരൂപാനന്ദ സരസ്വതി. കൊച്ചിയിൽ ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർപകലാശാലയുടെ ആറാമത് ബിരുദ സമർപ്പണച്ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിനയമുള്ള പഠിതാക്കളായും സ്വഭാവശുദ്ധിയും മൂല്യബോധവും തികഞ്ഞ വ്യക്തികളായും വളരണമെന്ന് അദ്ദേഹം ബിരുദധാരികളെ ഓർമിപ്പിച്ചു. ഭാവിയെയോ പ്രതിസന്ധികളെയോ ഭയക്കാതെ, ആകാശംപോലെ വിശാലമായ ചിന്തകളോടെ വെല്ലുവിളികളെ നേരിടണമെന്നും അദ്ദേഹം പറഞ്ഞു. മനുഷ്യന്റെ കഴിവുകൾ അനന്തമാണെന്നും അതിനനുസരിച്ച് ലക്ഷ്യങ്ങളും ഉയർന്നതായിരിക്കണമെന്നും അദ്ദേഹം സദസിനെ ഓർമിപ്പിച്ചു. പ്രശസ്ത ഭരതനാട്യം നർത്തകിയായ ഡോ. പത്മ സുബ്രഹ്മണ്യം ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. നേടിയ അറിവ് ഭാരതത്തിന്റെ പുരോഗതിക്കായി പ്രയോജനപ്പെടുത്തണമെന്ന് അവർ ബിരുദധാരികളെ ഓർമിപ്പിച്ചു. ആത്മവിശ്വാസം കൈവിടാതെ ലക്ഷ്യങ്ങൾ സ്വന്തമാക്കാൻ പരിശ്രമിക്കണമെന്നും അവർ ഓർമിപ്പിച്ചു. തെറ്റുകളെയും പരാജയങ്ങളെയും പുതിയ പാഠങ്ങളാക്കി മാറ്റാൻ പഠിക്കാണമെന്ന് ഡോ.പത്മ സുബ്രഹ്മണ്യം പറഞ്ഞു. ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രമുഖനും, ഡെക്കാൻ കോളേജ് പോസ്റ്റ് ഗ്രാജുവേറ്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ചാൻസിലറുമായ ഡോ. ഭൂഷൺ പട്‌വർധൻ ചടങ്ങിൽ വിശിഷ്ടാതിഥിയായി പങ്കെടുത്തു. ചിന്തയിലൂടെയും ആത്മപരിശോധനയിലൂടെയും പക്വത കൈവരിക്കുന്ന നിലവാരത്തിലേയ്ക്ക് ഭാവിതലമുറ വളരണമെന്ന് അദ്ദേഹം ഓർമിപ്പിച്ചു. സ്വാമി ചിന്മയാനന്ദ വർഷങ്ങൾക്കുമുമ്പ് തെളിച്ച അറിവിന്റെ ദീപം പുതിയ തലമുറ ലോകത്തിന് പകർന്ന് നൽകണമെന്നും അദ്ദേഹം പറഞ്ഞു. പഠിച്ച അറിവുകളിൽ മാത്രം തൃപ്തരാകാതെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തണം എന്ന ലക്ഷ്യംവെച്ച് മുന്നേറണമെന്ന് ചടങ്ങിന് സ്വാഗതം ആശംസിച്ച ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. മനോജ് കുമാർ അറോറ ബിരുദധാരികളെ ആഹ്വാനം ചെയ്തു.

ദീക്ഷാന്തസമാരോഹഃ എന്ന പേരിൽ നടന്ന ബിരുദ സമർപ്പണച്ചടങ്ങിൽ വിവിധ വിഷയങ്ങളിൽ ഗവേഷണം പൂർത്തിയാക്കിയവരുൾപ്പെടെ 223 വിദ്യാർഥികൾക്ക് ബിരുദം നൽകി. ബി.എ. ബി.എഡ്. ഇംഗ്ലീഷിൽ പഠനം പൂർത്തിയാക്കിയ സേതു പാർവതിക്ക് അക്കാദമിക മികവ്, സമഗ്ര വ്യക്തിത്വം, സർവകലാശാലാ സമൂഹത്തിന് നൽകിയ വിശിഷ്ട സംഭാവനകൾ എന്നിവ പരിഗണിച്ച് ചാൻസലേഴ്സ് മെഡൽ സമ്മാനിച്ചു.

പഠനകാലത്ത് മികച്ച പ്രകടനം നടത്തിയ മറ്റ് പതിനൊന്ന് വിദ്യാർഥികൾക്ക് സ്വർണമെഡലും പ്രശസ്തിപത്രവും ചടങ്ങിൽ വിതരണം ചെയ്തു. ചിന്മയ ഇന്റർനാഷണൽ ഫൗണ്ടേഷൻ പ്രസിഡന്റും സർവകലാശാല ട്രസ്റ്റിയുമായ സ്വാമി അദ്വയാനന്ദ ചൊല്ലിക്കൊടുത്ത തൈത്രിയോപനിഷത്തിലെ ശിക്ഷാവലി വിദ്യാർഥികൾ ഏറ്റുചൊല്ലി. സർവകലാശാല ട്രസ്റ്റ് ജോയിന്റ് സെക്രട്ടറി ബി.ഭവേഷ് സദസിന് ചിന്മയ മിഷൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.റജിസ്ട്രാർ ഇൻ ചാർജ് ഡോ.പി.രാജേന്ദ്രൻ ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചു. മാനേജിങ് ട്രസ്റ്റി സുരേഷ് വാദ്വാനി സംസാരിച്ചു. സർവകലാശാലയിലെ വിദ്യാർഥികളുടെ കലാപ്രകടനങ്ങളും ചടങ്ങിന് മാറ്റുകൂട്ടി. ചിന്മയ മിഷൻ കേരള മേധാവി സ്വാമി വിവിക്താനന്ദ സരസ്വതി തുടങ്ങി നിരവധി പ്രമുഖരും സർവകലാശാലയിലെ അധ്യാപകരും,ജീവനക്കാരും വിദ്യാർഥികളും രക്ഷിതാക്കളും ചടങ്ങിൽ പങ്കെടുത്തു.

ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ പുതിയ അലുമ്നി പോർട്ടലും ഉദ്ഘാടനം ചെയ്തു. ബിരുദധാരികൾക്ക് സർവകലാശാലയുമായും സഹപാഠികളുമായും നിരന്തരം ബന്ധം നിലനിർത്താനും പൂർവവിദ്യാർഥി സമൂഹത്തിന്റെ ഭാഗമായിത്തുടരാനും സഹായിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് ഇതിലൂടെ ഒരുക്കിയിരിക്കുന്നത്. അറിവും മൂല്യബോധവും സാമൂഹിക പ്രതിബദ്ധതയും വളർത്തിയെടുക്കുക എന്ന സർവകലാശാലയുടെ ദർശനത്തെ പ്രതിഫലിപ്പിക്കുന്നതായിരുന്നു ആറാമത് ദീക്ഷാന്തസമാരോഹഃ.

സ്‌പേസിയ ഫാർമർ പ്രൊഡ്യൂസർ കമ്പനിക്ക് ആധുനിക സംവിധാനങ്ങൾ

ചെറുതോണി: കാൽവരിമൗണ്ടിലെ കർഷകരുടെ കൂട്ടായ്മയായ സ്‌പേസിയ ഇടുക്കി ഫാർമർ പ്രൊഡ്യൂസർ കമ്പനിക്ക് പുതിയ പദ്ധതികൾ. സിഎംസി ഇടുക്കി കാർമൽഗിരി പ്രൊവിൻസിലെ സിസ്റ്റേഴ്സിന്റെ സാമൂഹ്യസേവന വിഭാഗത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ ചെറുകിട കർഷകരെ അവരുടെ ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും വിപണിയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2022ൽ രൂപീകരിച്ച കമ്പനിയാണ് സ്‌പേസിയ. സുഗന്ധവ്യഞ്ജനങ്ങൾ, ചക്ക, കപ്പ, ഏത്തക്ക, കാപ്പി, ജാതിക്കാത്തൊണ്ട് എന്നിവയിൽനിന്നുള്ള മൂല്യ വർധിത ഉത്പന്നങ്ങൾ, കറിമസാലകൾ തുടങ്ങിയവ സ്‌പേസിയ നേരിട്ട് വിപണിയിലെത്തിക്കുകയാണ്. ഇടുക്കിയിലെ 14 പഞ്ചായത്തുകളിൽനിന്നുള്ള 775 കർഷകകുടുംബങ്ങൾ കമ്പനിയുടെ ഓഹരി ഉടമകളാണ്. കാൽവരിമൗണ്ട് അൽഫോൻസാ നഗറിൽ കമ്പനിയുടെ പുതിയ ഓഫിസ് മന്ദിരം, ആധുനിക സൗകര്യങ്ങളോടുകൂടിയ പായ്ക്ക് ഹൗസ്, മെഗാ കളക്ഷൻ സെൻറർ എന്നിവയും നാലാമത് ജനറൽ ബോഡി യോഗവും ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്തു.

എം.ജി.യു.വിൽ എക്സിക്യൂട്ടീവ് ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ

പരമ്പരാഗത രീതിയിൽ ഉന്നതവിദ്യാഭ്യാസം നേടാനാവാത്തവർക്കും പ്രൊഫഷണലുകൾക്കുമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ എക്സിക്യൂട്ടീവ് ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ. സ!ർവകലാശാലാ പഠനവകുപ്പായ ലൈഫ് ലോങ് ലേണിങ് ആൻഡ് എക്സ്റ്റൻഷനു കീഴിൽ നടക്കുന്ന കോഴ്സുകളുടെ 2026-27 അധ്യയന വർഷത്തേക്കുള്ള അഡ്മിഷന് ഇപ്പോൾ അപേക്ഷിക്കാം.

ബിരുദ പ്രോഗ്രാമുകൾ

ബി.എ. മലയാളം, ബി.എ. ഇംഗ്ലീഷ്, ബി.എ. അറബിക്, ബി.എ. ചരിത്രം, ബി.എ. സാമ്പത്തികശാസ്ത്രം, ബി.എ. പൊളിറ്റിക്കൽ സയൻസ്, ബി.എ. സോഷ്യോളജി, ബി.എ. ഫിലോസഫി, ബി.കോം. ഓണേഴ്സ് എന്നിവയാണ് ബിരുദ പ്രോഗ്രാമുകൾ.

ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ

എം.എ. മലയാളം, എം.എ. ഇംഗ്ലീഷ്, എം.എ. അറബിക്, എം.എ. ചരിത്രം, എം.എ. സാമ്പത്തികശാസ്ത്രം, എം.എ. പൊളിറ്റിക്കൽ സയൻസ്, എം.എ. സോഷ്യോളജി, എം.എ. ഫിലോസഫി, എം.കോം. എന്നിവയാണ് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ.

അപേക്ഷിക്കേണ്ട വിധം

ഓൺലൈൻ അപേക്ഷാ നടപടികളും വിശദമായ മാർഗനിർദേശങ്ങളും രമു.ാഴൗ.മര.ശി വെബ്സൈറ്റിൽ ലഭിക്കും. പിഴയില്ലാതെ ഡിസംബർ 28 വരെ അപേക്ഷിക്കാം. മഹാത്മാ ഗാന്ധി സർവകലാശാലയ്ക്കു പുറത്തുള്ള സർവകലാശാലകളിൽനിന്ന് യോഗ്യത നേടിയവർ മൈഗ്രേഷൻ സർട്ടിഫിക്കറ്റും ആവശ്യമായ സാഹചര്യത്തിൽ എലിജിബിലിറ്റി സർട്ടിഫിക്കറ്റും ഹാജരാക്കണം. മഭൈൈ.ോഴൗ.മര.ശി വഴി ഓൺലൈനായി ഇത് അപേക്ഷിക്കാവുന്നതാണ്.
കൂടുതൽ വിവരങ്ങൾക്ക്: 0481 2733505 / dlle@mgu.ac.in.

പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ എം.എ. ഹിന്ദി പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ് / 2020 2023 അഡ്മിഷൻ സപ്ലിമെന്ററി / 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിവരങ്ങൾ വെബ്സൈറ്റിൽ.

പരീക്ഷാതീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി. എ / ബി. കോം പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റെഗുലർ /2020 23 അഡ്മിഷൻസ് റീപ്പിയറൻസ് / 201719 അഡ്മിഷൻ മേഴ്സി ചാൻസുകൾ) ഒക്ടോബർ 2026 ബിരുദ പരീക്ഷകൾ നവംബർ 13ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.
മൂന്നാം സെമസ്റ്റർ എം.ജി.യു യു . ജി. പി ഓണേഴ്സ് (ബി.ബി.എ / ബി.സി.എ / ബി.വോക്) 2025 അഡ്മിഷൻ റഗുലർ, മൂന്നാം സെമസ്റ്റർ എം.ജി.യു യു. ജി. പി ഓണേഴ്സ് (ബി.ബി.എ /ബി.സി. എ) 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/റീപ്പിയറൻസ് ഒക്ടോബർ 2026 പരീക്ഷകളുടെ പരിഷ്കരിച്ച ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.
പരീക്ഷക്ക് അപേക്ഷിക്കാം
ഒന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (ക്രെഡിറ്റ് ആൻഡ് സെമെസ്റ്റർ 2026 അഡ്മിഷൻ റെഗുലർ, 2024-2025 അഡ്മിഷൻസ് സപ്ലിമെന്ററി, 2021 2023 അഡ്മിഷൻസ് മേഴ്സി ചാൻസുകൾ) പരീക്ഷ നവംബർ 26ന് ആരംഭിക്കും. നവംബർ 9 വരെ ഫൈൻ കൂടാതെ അപേക്ഷിക്കാവുന്നതാണ്. ഫൈനോട് കൂടി നവംബർ 10 വരെയും സൂപ്പർഫൈനോടു കൂടി നവംബർ 11 വരെയും അപേക്ഷിക്കാം.

കുസാറ്റ്: റിസർച്ച് അസിസ്റ്റന്റ് ഒഴിവ്

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സെന്റർ ഫോർ ദി സ്റ്റഡി ഓഫ് സോഷ്യൽ ഇൻക്ലൂഷനിൽ കരാർ അടിസ്ഥാനത്തിൽ റിസർച്ച് അസിസ്റ്റന്റ് ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഇക്കോണോമിക്സ്/ സോഷിയോളജിയിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. ഫീൽഡ് വർക്ക്, ഡാറ്റാ കളക്ഷൻ ആൻഡ് അനാലിസിസ് എന്നിവ ഉൾപ്പെട്ട പ്രോജെക്റ്റുകളിൽ പ്രവർത്തി പരിചയം അഭികാമ്യം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റയും, യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കോപ്പിയും 'ഡോ. പി. ആർ. സുരേഷ്, ഡയറക്ടർ, സെന്റർ ഫോർ ദി സ്റ്റഡി ഓഫ് സോഷ്യൽ ഇൻക്ലൂഷൻ , അതിഥിഭവൻ ബിൽഡിംഗ്, കുസാറ്റ് 682022' എന്ന വിലാസത്തിലേക്ക് നവംബർ 10ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം. കൂടുതൽ വിവരങ്ങൾക്ക് 9037284525, 8281221408 എന്ന നമ്പറിൽ ബന്ധപെടുക. ഇമെയിൽ: csseipcusat@gmail.com

നിർമ്മാണം, നായകൻ ടൊവിനോ തോമസ്

സൈജു ശ്രീധരൻ ചിത്രം മുൻപേ പൂർത്തിയായി

ടൊവിനോ തോമസിനെ നായകനാക്കി സൈജു ശ്രീധരൻ സംവിധാനം ചെയ്യുന്ന മുൻപേയുടെ ചിത്രീകരണം പൂർത്തിയായി. ടിന തോമസ് തിരക്കഥ ഒരുക്കുന്ന ചിത്രം നിർമ്മിക്കുന്നത് കുമാർ മംഗത് പാഠക്, അഭിഷേക് പാഠക്, ടൊവിനോ തോമസ്, ഡോൾവിൻ കുര്യാക്കോസ്, ടിംഗ്സ്റ്റൺ തോമസ് എന്നിവർ ചേർന്നാണ്. പനോരമ സ്റ്റുഡിയോസ് അവതരിപ്പിക്കുന്ന ചിത്രം തിയേറ്റർ ഓഫ് ഡ്രീംസ്, ടൊവിനോ തോമസ് പ്രൊഡക്ഷൻസ് എന്നിവയുടെ സഹകരണത്തോടെയാണ് ഒരുങ്ങുന്നത്. സൈജു ശ്രീധരൻ തന്നെയാണ് ചിത്രത്തിന്റെ എഡിറ്റിങ്ങും നിർവഹിക്കുന്നത്.

2024 ൽ റിലീസ് ചെയ്ത ഫൂട്ടേജ് എന്ന ചിത്രത്തിന് ശേഷം സൈജു ശ്രീധരൻ സംവിധാനം ചെയ്യുന്ന ചിത്രമാണ് മുൻപേ. രാജേഷ് മേനോൻ, ഗോകുൽനാഥ് ജി എന്നിവരാണ് ചിത്രത്തിന്റെ കോപ്രൊഡ്യൂസർമാർ. ക്രിയേറ്റീവ് പ്രൊഡ്യൂസർ അഭിനയ് മെഹ്റോത്ര, ചീഫ് ഫിനാൻഷ്യൽ ഓഫീസർ രവീന്ദ്ര ഓട്ടി എന്നിവരാണ്. 2026 ഓഗസ്റ്റ് മാസത്തിൽ ഊട്ടിയിൽ ആണ് മുൻപേയുടെ ചിത്രീകരണം ആരംഭിച്ചത്. ഏറെ വ്യത്യസ്തമായ പശ്ചാത്തലത്തിൽ ഒരുങ്ങുന്ന ചിത്രത്തിന്റെ താരനിര ഉൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾ വരും ദിവസങ്ങളിൽ പുറത്ത് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2027 ൽ ചിത്രം പ്രദർശനത്തിനെത്തും.

തിരക്കഥ: ടിന തോമസ്, ഛായാഗ്രഹണം: ഷിനോസ്, സംഗീതം: റെക്സ് വിജയൻ, ഗിച്ചു ജോയ്, പ്രൊഡക്ഷൻ ഡിസൈൻ: ദിലീപ് നാഥ്, സൗണ്ട് ഡിസൈൻ: നിക്സൺ ജോർജ്, സിങ്ക് സൗണ്ട്: വിവേക് കെ.എം., സൗണ്ട് മിക്സിംഗ്: സിനോയ് ജോസഫ്, കോസ്റ്റ്യൂം: ധന്യ ബാലകൃഷ്ണൻ, മേക്കപ്പ്: റോണെക്സ് സേവ്യർ, അസോസിയേറ്റ് പ്രൊഡ്യൂസർ: കമലേഷ് കുമാർ, പ്രൊഡക്ഷൻ കൺട്രോളർ: റിച്ചാർഡ്, ഫിനാൻസ് കൺട്രോളർ: ദിലീപ് എടപ്പാട്ട്, ലൈൻ പ്രൊഡ്യൂസർ: അബിൻ ഇ എ., ചീഫ് അസോസിയേറ്റ് ഡയറക്ടർ: പ്രിനിഷ് പ്രഭാകരൻ, ആക്ഷൻ: ഫീനിക്സ് പ്രഭു, വി.എഫ്.എക്സ്: മൈൻഡ്സ്റ്റീൻ സ്റ്റുഡിയോസ്, ഡി.ഐ കളറിസ്റ്റ്: രമേഷ് സി.പി, ഡി.ഐ സ്റ്റുഡിയോ: കളർ പ്ലാനറ്റ്, സ്റ്റിൽ ഫോട്ടോഗ്രാഫി: സാബി ഹംസ, മാർക്കറ്റിംഗ് ഹെഡ് (പനോരമ): ഫാത്തിമ നഗ്രീസ്, അസോസിയേറ്റ് എഡിറ്റർ: ആൽഡ്രിൻ ജൂഡ്, ടൈറ്റിൽ ആൻഡ് ഡിസൈൻ: അനന്തു ചന്ദ്രരാജു, യദു മുരുകൻ, കിഷോർ ഗോപി, പിആർഒ : വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ.

ധീരജ് പ്രഭുവായി കുഞ്ചാക്കോ ബോബൻ

അമൽ നീരദിന്റെ സംവിധാനത്തിലൊരുങ്ങുന്ന ബാച്ച്ലർ പാർട്ടി Deux ലെ കുഞ്ചാക്കോ ബോബന്റെ ക്യാരക്ടർ പോസ്റ്റർ പുറത്ത്.

ധീരജ് പ്രഭു എന്ന കഥാപാത്രമാണ് ചിത്രത്തിൽ കുഞ്ചാക്കോ ബോബന്റേത്. കറുപ്പിൽ സ്വർണത്തുന്നലുള്ള കോട്ടുമണിഞ്ഞ് പീസ് സൈൻ ഉയർത്തിയാണ് കുഞ്ചാക്കോ പോസ്റ്ററിലുള്ളത്. നവംബർ 19 നാണ് സിനിമയുടെ വേൾഡ് വൈഡ് റിലീസ്.

14 വർഷങ്ങൾക്ക് ശേഷം ജെൻസി വൈബിലാണ്, 2012ൽ പുറത്തിറങ്ങി തരംഗമായി മാറിയ ആക്ഷൻ ചിത്രം ബാച്ച്ലർ പാർട്ടിയുടെ രണ്ടാം ഭാഗം എത്തുന്നത്.

റെഡ്ഗോൾഡൻ റെട്രോ പശ്ചാത്തലത്തിലുള്ള ഫസ്റ്റ് ലുക്ക് തരംഗമായിരുന്നു. സിനിമാ പ്രേമികൾക്കിടയിൽ കൾട്ട് ക്ലാസിക് ആയി മാറിയ ചിത്രത്തിന്റെ രണ്ടാം ഭാഗം എന്നതിനാൽ തന്നെ ഏറെ പ്രതീക്ഷയാണ് പ്രേക്ഷകർക്കുള്ളത്.

ഡുഎക്സ് എന്നത് ഫ്രഞ്ച് ഭാഷയിലുള്ള വാക്കാണ്. ഫ്രഞ്ചിൽ D'EUX എന്നാൽ രണ്ട് എന്നും അവരുടെ അല്ലെങ്കിൽ അവരെ കുറിച്ച് എന്നുമാണ് അർഥമാക്കുന്നത്.

യംഗ് ജനറേഷൻ താരങ്ങളെയും മലയാളത്തിലെ മുൻനിര അഭിനേതാക്കളെയും അണിനിരത്തിക്കൊണ്ടാണ് അമൽ നീരദ് ഇത്തവണ വരുന്നത്.

നസ്ലൻ, കുഞ്ചാക്കോ ബോബൻ, സൗബിൻ ഷാഹിർ, ഷറഫുദ്ദീൻ, ശ്രീനാഥ് ഭാസി, ചന്തു സലീംകുമാർ, ടൊവിനോ തോമസ്, ഷൈൻ ടോം ചാക്കോ, പാരിസ് ലക്ഷ്മി, നാദിയ മൊയ്തു, രജീഷ വിജയൻ, ജ്യോതിർമയി, ഹൻസിക കൃഷ്ണകുമാർ തുടങ്ങി വലിയ താരനിരയാണ് ചിത്രത്തിലുള്ളത്. അമൽ നീരദ് പ്രൊഡക്ഷൻസ്, അൻവർ റഷീദ് എൻറർടെയ്ൻമെൻറ്സ്, ഫഹദ് ഫാസിൽ ആൻഡ് ഫ്രണ്ട്സ് എന്നീ ബാനറുകൾ ചേർന്നാണ് സിനിമ നിർമിക്കുന്നത്.

ഛായാഗ്രഹണം: അപ്പു പ്രഭാകർ, എഡിറ്റർ: വിവേക് ഹർഷൻ, സംഗീതം: ക്രിസ്റ്റോ സേവ്യർ, സംഭാഷണം: ഉണ്ണി ആർ, സൗണ്ട് ഡിസൈൻ: തപസ് നായക്, പ്രൊഡക്ഷൻ ഡിസൈൻ: ജോസഫ് നെല്ലിക്കൽ, ഗാനരചന: റഫീഖ് അഹമ്മദ്, വിനായക് ശശികുമാർ, കോസ്റ്റ്യൂം: മഷർ ഹംസ, മേക്കപ്പ്: റോണക്സ് സേവ്യർ. പിആർഒ: ആതിര ദിൽജിത്ത്.



പ്രശാന്തേട്ടന്റെ മീശ

നടനും കാരിക്കേച്ചർ കലാകാരനുമായ ജയരാജ് വാര്യരെ പ്രധാന കഥാപാത്രമാക്കി ശ്രീജിത്ത് പൊയിൽക്കാവ് എഐ സാങ്കേതികവിദ്യയുടെ സഹായത്തോടെ സംവിധാനം ചെയ്യുന്ന 'പ്രശാന്തേട്ടന്റെ മീശ' എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.

എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനുമായ മൻസൂർ പള്ളൂർ എഴുതിയ കഥയെ ആസ്പദമാക്കി ഒരുക്കുന്ന ചിത്രം സാംസ് പ്രൊഡക്ഷൻസിന്റെ ബാനറിൽ അമേരിക്കൻ മലയാളിയായ ഡോക്ടർ മാത്യു സാമുവൽ നിർമിക്കുന്നു.

ഗാനരചനസത്യചന്ദ്രൻ പൊയിൽക്കാവ്, സംഗീതംനിഖിൽ മോഹൻ, എഡിറ്റിംഗ് കൺസൾട്ടന്റ് രതിൻ രാധാകൃഷ്ണൻ, എഡിറ്റർ ഹേമന്ത് കുമാർ, സിനിമാറ്റോഗ്രഫി കൺസൽട്ടന്റ് വിപിൻ ചന്ദ്രൻ, ഫോട്ടോഗ്രഫി രാഹുൽ ശങ്കർ. പിആർഒ: എ. എസ്. ദിനേശ്.

എസ്.കെ. പൊറ്റക്കാടിന്റെ ചെറുകഥ സമ്മാനം സിനിമയാകുന്നു

എസ്.കെ. പൊറ്റക്കാട് എഴുതിയ സമ്മാനം എന്ന ചെറുകഥ മാലിനി എന്ന പേരിൽ ചലച്ചിത്രമാകുന്നു. ജയേന്ദ്ര ശർമ സംവിധാനം ചെയ്യുന്ന മാലിനി എന്ന ചിത്രത്തിന്റെ ടൈറ്റിൽ ലോഞ്ച് കൊച്ചിയിലെ അമ്മ ഹാളിൽ നടന്നു.തിരക്കഥാകൃത്ത് എസ്.എൻ. സ്വാമി ടൈറ്റിൽ പ്രകാശനം ചെയ്തു. ചടങ്ങിൽ വിനോദ് കോവൂർ, സരയു, പ്രശാന്ത് മുരളി, ശ്രീരാം രാമചന്ദ്രൻ, അൻസീൽ റഹ്മാൻ, റഷീദ് പാറക്കൽ, തുടങ്ങിയവർ പങ്കെടുത്തു.രാജകീയം സിനിമാസിന്റെ ബാനറിൽ വിനോദ് കുമാർ രാജകീയം നിർമിക്കുന്ന മാലിനിയുടെ ഛായാഗ്രഹണം പ്രമോദ് കെ. പിള്ള നിർവഹിക്കുന്നു.കോ പ്രൊഡ്യൂസർ: സിനി ഫ്രെയിംസ് യു.എ.ഇ, വിപിൻ ദാസ്, തിരക്കഥ: കരുണൻ ഉള്ള്യേരി, പ്രൊഡക്ഷൻ കൺട്രോളർ: നിജിൽ ദിവാകരൻ, കലാസംവിധാനം: മുരളി ബേപ്പൂർ, വസ്ത്രാലങ്കാരം: സുകേഷ് താനൂർ, മേക്കപ്പ്: റഷീദ് അഹമ്മദ്, എഡിറ്റിങ്: ജോമോൻ സിറിയക്, പ്രൊഡക്ഷൻ മാനേജർ: നിശാന്ത് പന്നിയങ്കര, ബോബിൻ വർഗീസ്, സ്റ്റിൽസ്: ശ്രീജിത്ത് ചെട്ടിപ്പടി, ഡിസൈൻ: മനു ഡാവിഞ്ചി, പി.ആർ.ഒ: എ.എസ്. ദിനേശ്, മനു ശിവൻ.

സൊസൈറ്റി ടുഡേ
SOCIETY TODAY

വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെയും വിഗാർഡ് ഫൗണ്ടേഷന്റെയും ഡയറക്ടർ ഡോ. റീനാ മിഥുൻ ചിറ്റിലപ്പിള്ളി,മുൻ കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സോഫി തോമസ്, വെൽഫെയർ സർവീസസ് എറണാകുളം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ആന്റണി പുതിയപറമ്പിൽ, ഭാരത മാതാ കോളേജ് പ്രിൻസിപ്പൽ ഡോ. സൗമ്യ തോമസ്, വെൽഫെയർ സർവീസസ് എറണാകുളം ജോയിന്റ് ഡയറക്ടർ ഫാ. ജിനോ ഭരണിക്കുളങ്ങര എന്നിവർ ചേർന്ന് വിഗാർഡിന്റെ സി.എസ്.ആർ പദ്ധതിയായ ഇടത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'ഷീ ലീഡ്സ്' വനിതാ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുന്നു.

സ്ത്രീശാക്തീകരണത്തിനും മാനസികാരോഗ്യത്തിനും ഊന്നൽ നൽകി വിഗാർഡിന്റെ 'ഷീ ലീഡ്സ്' കോൺക്ലേവ്

കൊച്ചി: സ്ത്രീകളുടെ മാനസികാരോഗ്യവും വൈകാരിക വളർച്ചയും മുൻനിർത്തി വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് നടപ്പാക്കുന്ന സി.എസ്.ആർ. പദ്ധതി 'ഇടം'തിന്റെ ഭാഗമായി 'ഷീ ലീഡ്സ്: ചേഞ്ച് ത്രൂ മെന്റൽ വെൽബീയിംഗ്' എന്ന വിഷയത്തിൽ ഏകദിന വനിതാ കോൺക്ലേവ് സംഘടിപ്പിച്ചു. തൃക്കാക്കര ഭാരത് മാതാ കോളേജിൽ നടന്ന പരിപാടി മുൻ കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് സോഫി തോമസ് കോൺക്ലേവ് ഉദ്ഘാടനം ചെയ്തു. സ്ത്രീശാക്തീകരണം, നേതൃപാടവം, മാനസികാരോഗ്യം എന്നിവ ഇന്നത്തെ സമൂഹത്തിൽ ഏറെ പ്രസക്തമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അവർ ചൂണ്ടിക്കാട്ടി.

കുടുംബം, തൊഴിലിടം, സമൂഹം എന്നീ മേഖലകളിൽ സ്ത്രീകൾക്ക് നല്ല മാറ്റങ്ങൾ കൊണ്ടുവരാൻ മാനസികാരോഗ്യം എത്രത്തോളം നിർണായകമാണെന്ന് കോൺക്ലേവിൽ ചർച്ചയായി. വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെയും വിഗാർഡ് ഫൗണ്ടേഷന്റെയും ഡയറക്ടർ ഡോ. റീനാ മിഥുൻ ചിറ്റിലപ്പിള്ളി, പ്രമുഖ അധ്യാപകരും സാമൂഹിക ക്ഷേമ വിദഗ്ധരുമായ ഡോ. ജയ ചെറിയാൻ (റിട്ട. അസോസിയേറ്റ് പ്രൊഫസർ, വിമല കോളേജ്), ഡോ. പീർലി ഫെനിൽ (ഭാരത മാതാ കോളേജ് ബിഫോർ സി.ഒ.ഒ. & അസിസ്റ്റന്റ് പ്രൊഫസർ), ഡോ. നൈസിൽ റോമിസ് തോമസ് (രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് അസിസ്റ്റന്റ് പ്രൊഫസർ) എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

വ്യക്തിപരവും പ്രൊഫഷണലുമായ ജീവിതത്തിൽ സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും വർധിപ്പിക്കുന്നതിൽ മാനസികാരോഗ്യത്തിനുള്ള പങ്ക് പാനലിസ്റ്റുകൾ വിശദീകരിച്ചു.

സ്ത്രീകളുടെ മാനസികാരോഗ്യം ഏറെ പ്രാധാന്യത്തോടെ ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണെന്നും വിധിക്കപ്പെടുമെന്ന ഭയമില്ലാതെ തുറന്നുസംസാരിക്കാനും പരസ്പരം മനസ്സിലാക്കാനും അനുഭവങ്ങളും ആശങ്കകളും സ്വപ്നങ്ങളും പങ്കുവയ്ക്കുവാനും കഴിയുന്ന ഇടങ്ങൾ നമുക്ക് സൃഷ്ടിക്കേണ്ടതുണ്ടെന്നും വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെയും വിഗാർഡ് ഫൗണ്ടേഷന്റെയും ഡയറക്ടർ ഡോ. റീനാ മിഥുൻ ചിറ്റിലപ്പിള്ളി പറഞ്ഞു. നമ്മെത്തന്നെ കൂടുതൽ അറിയാനും ആത്മവിശ്വാസത്തോടെ മുന്നോട്ടുള്ള വഴികൾ കണ്ടെത്താനും ഇത്തരം വേദികൾ സഹായിക്കുമെന്നും അത്തരമൊരു തുറന്ന സംവാദത്തിന്റെയും പരസ്പര പിന്തുണയുടെയും ഇടം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് She Leads Women's Conclave സംഘടിപ്പിച്ചതെന്നും ഡോ.റീനാ കൂട്ടിച്ചേർത്തു.

സ്ത്രീകൾക്കും കുട്ടികൾക്കും സൗജന്യ മാനസികാരോഗ്യ കൗൺസിലിംഗും ബോധവൽക്കരണവും നൽകുന്ന വിഗാർഡിന്റെ പ്രമുഖ സി.എസ്.ആർ. സംരംഭമാണ് 'ഇടം'. പദ്ധതിയുടെ ഭാഗമായി 82 ബോധവൽക്കരണ പരിപാടികൾ ഇതുവരെ പൂർത്തിയാക്കുകയും വിദഗ്ധ സഹായം ആവശ്യമായ 119 പേർക്ക് സൗജന്യ കൗൺസിലിംഗ് സേവനം ലഭ്യമാക്കുകയും ചെയ്തു. വിദ്യാർത്ഥികളും വനിതാ നേതാക്കളും സാമൂഹിക പ്രവർത്തകരും അടക്കം 500ലധികം പേർ കോൺക്ലേവിൽ പങ്കെടുത്തു.

ജിയോയുടെ കരുത്തിൽ ടാറ്റയെ മറികടന്ന് റിലയൻസ്

മുംബൈ: ഇന്ത്യയിലെ ഏറ്റവും മൂല്യമുള്ള വ്യവസായ ഗ്രൂപ്പ് എന്ന പദവിയിൽ ജിയോ പ്ലാറ്റ്ഫോംസ്. ജിയോ പ്ലാറ്റ്ഫോംസ് ഓഹരിവിപണിയിൽ മികച്ച തുടക്കമാണ് ടാറ്റാ ഗ്രൂപ്പിനെ മറികടന്ന് മുന്നിലെത്താൻ റിലയൻസ് ഗ്രൂപ്പിനെ സഹായിച്ചത്.

കൂടാതെ, മാതൃകമ്പനിയായ റിലയൻസ് ഇൻഡസ്ട്രീസ് കഴിഞ്ഞാൽ വിപണി മൂല്യത്തിൽ ഇന്ത്യയിലെ രണ്ടാമത്തെ ഏറ്റവും വലിയ ലിസ്റ്റഡ് കമ്പനിയെന്ന സ്ഥാനവും ജിയോ സ്വന്തമാക്കി.

ലിസ്റ്റ് ചെയ്ത ആദ്യദിനത്തിൽ തന്നെ ജിയോ പ്ലാറ്റ്ഫോംസ് ഓഹരിമൂല്യം ഇഷ്യൂ വിലയേക്കാൾ 27 ശതമാനത്തോളം ഉയർന്നു. ഓഹരി ഒന്നിന് 1419 രൂപയിലാണ് കഴിഞ്ഞ ദിവസം വ്യാപാരം പൂർത്തിയാക്കിയത്. ഇതോടെ വ്യാപാരം പൂർത്തിയായപ്പോൾ ജിയോയുടെ വിപണിമൂല്യം 12.53 ലക്ഷം കോടി രൂപ കടന്നു. റിലയൻസ് ഇൻഡസ്ട്രീസിന്റെ വിപണിമൂല്യം 15.7 ലക്ഷം കോടിയിലുമെത്തി.

റിലയൻസ് ഇൻഡസ്ട്രീസിന്റെയും ജിയോ പ്ലാറ്റ്ഫോമിന്റെയും സംയുക്ത വിപണി മൂല്യം 28.7 ലക്ഷം കോടി രൂപയിലെത്തി. ഇതോടെ റിലയൻസ് ഗ്രൂപ്പിന്റെ മൊത്തം വിപണിമൂല്യം 28.9 ലക്ഷം കോടി രൂപയിലെത്തി. ബ്ലൂംബെർഗ് ന്യൂസ് പുറത്തുവിട്ട വിവരങ്ങൾ അനുസരിച്ച്, റിലയൻസ് ഗ്രൂപ്പ് ടാറ്റ ഗ്രൂപ്പിന്റെ 25 ലക്ഷം കോടി രൂപയെ മറികടന്നു.

16.6 ലക്ഷം കോടി വിപണിമൂല്യവുമായി അദാനി ഗ്രൂപ്പാണ് മൂന്നാമത്. കഴിഞ്ഞ ദശകത്തിൽ ഭൂരിഭാഗം സമയത്തും ഇന്ത്യയിലെ ഏറ്റവും മൂല്യമുള്ള വ്യവസായ ഗ്രൂപ്പായി തുടർന്നിരുന്നത് ടാറ്റാ ഗ്രൂപ്പായിരുന്നു.

ഇലക്ട്രിക് കാർ വായ്പയുമായി എച്ച്ഡിഎഫ്സി ബാങ്ക്

കൊച്ചി: ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നത് കൂടുതൽ എളുപ്പമാക്കുന്നതിനായി ഫ്ലെക്സി ഇലക്ട്രിക് കാർ ലോൺ അവതരിപ്പിച്ച് എച്ച്ഡിഎഫ്സി ബാങ്ക്. ഇലക്ട്രിക് വാഹനത്തിന്റെ ബോഡിക്കും ബാറ്ററിക്കും പ്രത്യേകം വായ്പാ വിഹിതങ്ങൾ ലഭ്യമാക്കുന്നതാണ് പദ്ധതിയുടെ പ്രധാന സവിശേഷത. ബാറ്ററിക്കുള്ള വായ്പ ദീർഘകാലത്തേക്ക് തിരിച്ചടയ്ക്കാനുള്ള സൗകര്യവും ഇതിലൂടെ ലഭിക്കും. ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഇഎംഐ ക്രമീകരിക്കാനും ഇതുവഴി സാധിക്കും. രാജ്യത്തുടനീളമുള്ള ബാങ്കിന്റെ 9,700ലധികം ശാഖകളിലൂടെ വായ്പ ലഭ്യമാണ്. പ്രമുഖ വാഹന നിർമാതാക്കളുടെ ഇലക്ട്രിക് കാറുകൾ വാങ്ങുന്നതിനും ഈ പദ്ധതി പ്രയോജനപ്പെടുത്താം. ഇലക്ട്രിക് വാഹനങ്ങളുടെ ഉടമസ്ഥാവകാശം കൂടുതൽ ചെലവുകുറഞ്ഞതും എളുപ്പമുള്ളതുമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

സതേൺ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി കസ്റ്റമർ ഫെസിലിറ്റേഷൻ സെന്ററുകളുടെ എണ്ണം 100 ആയി വികസിപ്പിച്ചു

പാലാ: തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ മൾട്ടിസ്റ്റേറ്റ് സഹകരണ സംഘമായ സതേൺ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റി, കസ്റ്റമർ ഫെസിലിറ്റേഷൻ സെന്ററുകളുടെ എണ്ണം 100 ആയി വർദ്ധിപ്പിച്ചു. പാലായിലെ ചെത്തിമറ്റത്ത് സ്ഥാപിതമായ 100ാമത് കേന്ദ്രം മഹാത്മാഗാന്ധി സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന പൊതുയോഗത്തിൽ മാനേജിംഗ് ഡയറക്ടർ കെ. മനോജ് അധ്യക്ഷത വഹിച്ചു, സൊസൈറ്റിയുടെ ദർശനവും ദൗത്യവും അവതരിപ്പിച്ചു. പാലാ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ മായ രാഹുൽ മുഖ്യപ്രഭാഷണം നടത്തി. മനോജ് പി. തോമസിനെ ചടങ്ങിൽ ആദരിച്ചു. സതേൺ എംസിഎസ് വൈസ് പ്രസിഡന്റ് ഷൈജു ജോൺ, റീജിയണൽ മാനേജർ അമ്പിളി ഗ്രേസ് ജോൺ, ബ്രാഞ്ച് മാനേജർ കെ.എം. അഖിൽ കുമാർ, കെവിവിഇഎസ് പാലാ യൂണിറ്റ് ജനറൽ സെക്രട്ടറി വി.സി. ജോസഫ്, അഡ്വ. രാജേഷ് പല്ലാട്ട്, ഡോ. ജോസ് കൊക്കാട്ട്, വാർഡ് കൗൺസിലർ റൂബി ആന്റോ പടിഞ്ഞാറേക്കര, വിപിൻ ആർ. നായർ, ദീപ്തി തങ്കപ്പൻ എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

റബർ ബോർഡിൽ റീഫോംസ് ഉത്സവ് ഐഎൻആർ കണക്ട് ഡിജിറ്റൽ പ്ലാറ്റ്ഫോം അവതരിപ്പിച്ചു

കോട്ടയം: ടാപ്പ് ചെയ്യാതെ കിടക്കുന്ന റബർ തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ റബർ ബോർഡ് രൂപം നൽകിയ ഡിജിറ്റൽ പ്ലാറ്റ്ഫോമായ 'INR Konnect' അവതരിപ്പിച്ചു. കേന്ദ്രസർക്കാരിന്റെ 'റിഫോംസ് ഉത്സവ്' പരിപാടിയുടെ ഭാഗമായി പുതുപ്പള്ളി റബർ ഗവേഷണ കേന്ദ്രത്തിൽ റബർ ബോർഡ് സംഘടിപ്പിച്ച ചടങ്ങിലാണ് വെബ് അധിഷ്ഠിത സംവിധാനം പരിചയപ്പെടുത്തിയത്.

പുതുതലമുറയെ കാർഷിക മേഖലയിലേക്കും വിശേഷിച്ച് കേരളത്തിന്റെ പ്രധാന നാണ്യവിളയായ റബർ കൃഷിയിലേക്കും ആകർഷിക്കുകയാണ് ഡിജിറ്റൽ സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് റബർ ബോർഡ് ചെയർമാൻ എൻ ഹരി പറഞ്ഞു. ചടങ്ങിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ റബർ ഉൽപാദനത്തിന്റെ വളർച്ചയിൽ പുതുതലമുറയെക്കൂടി പങ്കാളികളാക്കുക എന്ന വിശാലമായ ലക്ഷ്യവും പദ്ധതിക്കുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

പുതുതലമുറ കാർഷിക മേഖലയിൽനിന്ന് അകന്നുപോകുന്ന പ്രവണതയാണുള്ളത്. ഇത് മറികടക്കാൻ ഇത്തരം നൂതന സംവിധാനങ്ങൾ സഹായിക്കും. സമാനമായ ഇടപെടലുകളിലൂടെ റബർ മേഖലയെ പഴയ പ്രതാപത്തിലേക്ക് തിരിച്ചുകൊണ്ടുവരാനാകുമെന്നും അദ്ദേഹം പറഞ്ഞു.

വെഡ്ഡിങ് ആൻഡ് മൈസ് ഇവന്റ് സമ്മിറ്റ് സമാപിച്ചു

കൊച്ചി: കേരളത്തിന്റെ വെഡ്ഡിങ്, മൈസ് (മീറ്റിങ്സ്, ഇൻസെന്റീവ്സ്, കോൺഫറൻസസ് ആൻഡ് എക്സിബിഷൻസ്) ഇവന്റ് മേഖലകളിൽ ആഗോള നിക്ഷേപ സാധ്യതകൾ തുറക്കുന്നതിനും സംസ്ഥാനത്തെ അന്താരാഷ്ട്ര വിവാഹാഘോഷങ്ങളുടെയും കോർപറേറ്റ് പരിപാടികളുടെയും പ്രധാന കേന്ദ്രമാക്കി മാറ്റുന്നതിനുമുള്ള പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ വെഡ്ഡിങ് ആൻഡ് മൈസ് ഇവന്റ് സമ്മിറ്റ് തീരുമാനിച്ചു. സർക്കാരുമായി സഹകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള മൈസ്, ലൈവ് ഇവന്റുകൾ കേരളത്തിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും തീരുമാനമായി.

ഇവന്റ് മാനേജ്മെന്റ് മേഖലയിലെ സേവനങ്ങളുടെ പേരിൽ നടക്കുന്ന തട്ടിപ്പുകൾ തടയുന്നതിനായി വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാനും സമ്മിറ്റ് തീരുമാനിച്ചു. ഇവന്റ് വ്യവസായത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾ ജിഎസ്ടി റജിസ്ട്രേഷൻ ഉറപ്പാക്കണമെന്നും റജിസ്ട്രേഷൻ ഇല്ലാത്ത കമ്പനികൾ നിർബന്ധമായും അത് നേടണമെന്നും സമ്മിറ്റ് ആവശ്യപ്പെട്ടു.

ഡെസ്റ്റിനേഷൻ വെഡ്ഡിങ്, മൈസ് ടൂറിസം, ലൈവ് ഇവന്റുകൾ, ഫാഷൻ ഇവന്റുകൾ തുടങ്ങിയ മേഖലകളിലെ വളർച്ചാസാധ്യതകൾക്കും ഈ രംഗം നേരിടുന്ന വെല്ലുവിളികൾക്കും ചർച്ചകളിൽ പ്രാധാന്യം നൽകി. ആഗോള നിക്ഷേപകരുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിലൂടെ കേരളത്തിലെ ഇവന്റ് മാനേജ്മെന്റ്, ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലകളിൽ പുതിയ വികസനവാണിജ്യ സാധ്യതകൾ സൃഷ്ടിക്കാനാകുമെന്ന പ്രതീക്ഷയും പങ്കുവച്ചു. രാജ്യത്തെ ഇവന്റ് മാനേജ്മെന്റ് വ്യവസായത്തിലെ പ്രമുഖർ, നിക്ഷേപകർ, നയരൂപകർത്താക്കൾ, സാമ്പത്തിക വിദഗ്ധർ എന്നിവർ പങ്കെടുത്ത പാനൽ ചർച്ചകൾ, അവതരണങ്ങൾ, സംവാദങ്ങൾ എന്നിവയും സമ്മിറ്റിന്റെ ഭാഗമായി നടന്നു. ഇവന്റ് വ്യവസായത്തിലെ മാറുന്ന പ്രവണതകൾ, നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗം, ആധുനിക ഇവന്റ് ആസൂത്രണ രീതികൾ, പ്രഫഷണൽ മികവ്, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇവന്റ് നടത്തിപ്പ് എന്നിവ ചർച്ചയായി. ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള (ഇമാക്) പ്രസിഡന്റ് രാജു കണ്ണമ്പുഴ, ബഹനാൻ കെ അരീക്കൽ, ഡോ.അജിത് രവി, ജോയൽ ജോൺ, ധിഷൻ അമ്മാനത്ത്, ദിലീപ് വി കൈമൾ, മുകേഷ് എം, അനീഷ് എസ് എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

പാറപ്പുറം വല്ലംകടവിലെ ട്രാവൻകൂർ പാലസിൽ നടന്ന സമ്മിറ്റിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറ്റി അമ്പതോളം ഇവന്റ് മാനേജ്മെന്റ് കമ്പനികളുടെ ഉടമകളും സീനിയർ ഇവന്റ് മാനേജർമാരും പങ്കെടുത്തു. കേരളത്തിലെ ഇവന്റ് മാനേജ്മെന്റ് കമ്പനികളുടെ സംഘടനയായ ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള (ഇമാക്) യാണ് സമ്മിറ്റ് സംഘടിപ്പിച്ചത്. സമ്മിറ്റിന്റെ സമാപന പൊതുസമ്മേളനം ഇമാക് സെക്രട്ടറി ബഹനാൻ കെ അരീക്കൽ ഉദ്ഘാടനം ചെയ്തു. ഇമാക് വൈസ് പ്രസിഡന്റ് ധിഷൻ അമ്മാനത്ത് അധ്യക്ഷത വഹിച്ചു. ട്രഷറർ അജീഷ് മുകുന്ദൻ, കിഷോർ ജിദാസ് എന്നിവർ പ്രസംഗിച്ചു. കേരളത്തെ ആഗോള വെഡ്ഡിങ് ഡെസ്റ്റിനേഷനായും പ്രമുഖ മൈസ് ടൂറിസം കേന്ദ്രമായും ഉയർത്തുന്നതിനൊപ്പം ഇവന്റ് മാനേജ്മെന്റ്, ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലകളിൽ നിക്ഷേപവും തൊഴിൽ സാധ്യതകളും വർധിപ്പിക്കുന്നതിനുള്ള കൂട്ടായ പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കിയാണ് സമ്മിറ്റ് സമാപിച്ചത്.

സ്റ്റാർ ഹെൽത്തിന്റെ അറ്റാദായം 70% വർദ്ധിച്ച് 390 കോടി രൂപയായി

കൊച്ചി: സ്റ്റാർ ഹെൽത്തിന്റെ നടപ്പു സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിലെ അറ്റാദായം 70 ശതമാനം വർദ്ധിച്ച് 390 കോടി രൂപയായി. തുടർച്ചയായ അഞ്ചാം പാദത്തിലും അണ്ടർറൈറ്റിംഗ് ലാഭത്തിൽ മികച്ച മുന്നേറ്റമാണ് കമ്പനി കാഴ്ചവെച്ചത്.

ഗ്രോസ് റിട്ടൺ പ്രീമിയം 19 ശതമാനം വർദ്ധിച്ച് 5,275 കോടി രൂപയായി. മുൻ സാമ്പത്തിക വർഷം ഇതേ പാദത്തിൽ 40 കോടി രൂപ നഷ്ടത്തിലായിരുന്ന അണ്ടർറൈറ്റിംഗ് ലാഭം 99 കോടി രൂപയായി ഉയർന്നു. അറ്റാദായം 233 ശതമാനം വളർച്ചയോടെ 265 കോടി രൂപയായി. മുൻ സാമ്പത്തിക വർഷം ഇത് 80 കോടി രൂപയായിരുന്നു. റീട്ടെയിൽ ഹെൽത്ത് ഫ്രെഷ് ജിഡബ്ല്യുപി 35 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. കംബൈൻഡ് ഇൻഷുറൻസ് സർവീസ് റേഷ്യോ മുൻ വർഷത്തെ 100.9 ശതമാനത്തിൽ നിന്നും 2.9 ശതമാനം മെച്ചപ്പെട്ട് 98.0 ശതമാനം ആയി.

ഡിജിറ്റൽ ഡി2സി ചാനൽ വഴി 137 ശതമാനം വളർച്ചയാണ് കമ്പനി ആദ്യ പകുതിയിൽ നേടിയത്. പുതിയ പോളിസികളിൽ 97 ശതമാനവും ഡിജിറ്റൽ വഴിയാണ് കമ്പനി നേടിയത്. ആദ്യ പകുതിയിൽ 39,000 പുതിയ ഏജന്റുമാരെ കൂടി ഉൾപ്പെടുത്തിയതോടെ കമ്പനിയുടെ മൊത്തം ഏജന്റുമാരുടെ എണ്ണം 8.7 ലക്ഷമായി ഉയർന്നു. തുടർച്ചയായ അഞ്ചാം പാദത്തിലും അണ്ടർറൈറ്റിംഗ് ലാഭത്തിൽ കൈവരിച്ച ഈ മികച്ച നേട്ടം ഉപഭോക്താക്കൾക്ക് കമ്പനിയിലുള്ള വിശ്വാസത്തെയും സുസ്ഥിരമായ സാമ്പത്തിക വളർച്ചയെയുമാണ് സൂചിപ്പിക്കുന്നതെന്ന് കമ്പനിയായ സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് കമ്പനി സിഇഒയും മാനേജിംഗ് ഡയറക്ടറുമായ ആനന്ദ് റോയ് വ്യക്തമാക്കി.

വേദാന്ത ലിമിറ്റഡിന് 106 ശതമാനം വളർച്ചയോടെ റെക്കോർഡ് ലാഭം

കൊച്ചി: നടപ്പു സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ വേദാന്ത ലിമിറ്റഡ് സർവകാല റെക്കോർഡ് സാമ്പത്തിക നേട്ടം കൈവരിച്ചു. മുൻ വർഷത്തെ അപേക്ഷിച്ച് കമ്പനിയുടെ അറ്റാദായം 151ശതമാനം വർദ്ധിച്ച് 6,202 കോടി രൂപയായി ഉയർന്നു. പ്രവർത്തന വരുമാനം 57 ശതമാനം ഉയർന്ന് 25,812 കോടി രൂപയിലെത്തി. കമ്പനിയുടെ പ്രവർത്തന ലാഭം 106 ശതമാനം ഉയർന്ന് 9,938 കോടി രൂപയായയായി. ശക്തമായ പ്രവർത്തന മികവിന്റെയും സാമ്പത്തിക അച്ചടക്കത്തിന്റെയും ഫലമായി കമ്പനിയുടെ അറ്റ കടം 4,624 കോടി രൂപയിൽ നിന്നും 3,675 കോടി രൂപയായി കുറഞ്ഞു.

സിങ്ക് ഇന്ത്യയിൽ ലഭിച്ച ഉയർന്ന ഉത്പാദനവും സിങ്ക് ഇന്റർനാഷണലിൽ ഗാംസ്ബർഗ് ഫേസ് കക പദ്ധതി വിജയകരമായി ആരംഭിച്ചതും കമ്പനിയുടെ മുന്നേറ്റത്തിന് കരുത്തേകി. മികച്ച പ്രകടനത്തിന്റെ പശ്ചാത്തലത്തിൽ ഓഹരിയൊന്നിന് 5 രൂപ നിരക്കിൽ ഒന്നാം ഇടക്കാല ഡിവിഡൻഡും കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്.

തുടർച്ചയായ ആറാം വർഷവും ഖനന മേഖലയിൽ ഉത്പാദന റെക്കോർഡ് നേടാനായത് കമ്പനിയുടെ വളർച്ച നിലനിർത്തുന്നുവെന്ന് വേദാന്ത ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ അരുൺ മിശ്ര വ്യക്തമാക്കി. ശക്തമായ ക്യാഷ് ഫ്ളോ വഴി അറ്റ കടം കുറയ്ക്കാനും സാമ്പത്തിക അടിത്തറ ശക്തമാക്കാനും സാധിച്ചതായി വേദാന്ത ഗ്രൂപ്പ് സിഎഫ്ഒ അജയ് ഗോയൽ അഭിപ്രായപ്പെട്ടു.

ടിവിഎസ് ക്രെഡിറ്റിന്റെ അറ്റാദായം 19 ശതമാന വളർന്ന് 243 കോടി രൂപയിലെത്തി

കൊച്ചി: ടിവിഎസ് വെണുവിന്റെ ഭാഗവും രാജ്യത്തെ മുൻനിര എൻബിഎഫ്സികളിൽ ഒന്നുമായ ടിവിഎസ് ക്രെഡിറ്റ് സർവീസസ് ലിമിറ്റഡ് നടപ്പു സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ മുൻ സാമ്പത്തിക വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് വായ്പാ വിതരണത്തിൽ 31 ശതമാനം വളർച്ച രേഖപ്പെടുത്തി. ആകെ വരുമാനം 14 ശതമാനം വർധിച്ച് 2,029 കോടി രൂപയിലെത്തിയപ്പോൾ അറ്റാദായം 19 ശതമാനം വളർച്ചയോടെ 243 കോടി രൂപയായി.

2026 സെപ്റ്റംബർ 30ലെ കണക്കനുസരിച്ച് കമ്പനി കൈകാര്യം ചെയ്യുന്ന മൊത്തം വായ്പാ ആസ്തി 33,818 കോടി രൂപയായി ഉയർന്നു. മുൻ സാമ്പത്തിക വർഷം ഇതേ കാലയളവിൽ ഇത് 27,807 കോടി രൂപയായിരുന്നു. 22 ശതമാനമാണ് വളർച്ച. നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ അർധവർഷത്തിൽ ആകെ വരുമാനം 14 ശതമാനം വർധിച്ച് 3,948 കോടി രൂപയായി. മുൻ സാമ്പത്തിക വർഷം ഇതേ കാലയളവിൽ ഇത് 3,481 കോടി രൂപയായിരുന്നു. അറ്റാദായം 17 ശതമാനം വളർച്ചയോടെ 452 കോടി രൂപയിലെത്തി. മുൻ സാമ്പത്തിക വർഷത്തിന്റെ ആദ്യ അർധവർഷത്തിൽ 385 കോടി രൂപയായിരുന്നു അറ്റാദായം. ഉത്സവകാല ഷോപ്പിംഗും ഉപഭോക്തൃ ഇലക്ട്രോണിക്സ്, ഗൃഹോപകരണങ്ങൾ, മുച്ചക്ര വാഹനങ്ങൾ തുടങ്ങിയ വിഭാഗങ്ങളിലെ ശക്തമായ ആവശ്യകതയും ഈ നേട്ടത്തിന് കാരണമായി. അർധനഗര, ഗ്രാമീണ മേഖലകളിലെ സാന്നിധ്യം കൂടുതൽ വിപുലീകരിച്ചതോടെ രാജ്യത്തുടനീളമുള്ള സേവനകേന്ദ്രങ്ങളുടെ എണ്ണം 65,100 കടന്നതായും കമ്പനി അറിയിച്ചു. നടപ്പു സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ 14 ലക്ഷത്തിലധികം പുതിയ ഉപഭോക്താക്കൾക്ക് വായ്പകൾ വിതരണം ചെയ്തു. ഇതോടെ കമ്പനിയുടെ മൊത്തം ഉപഭോക്തൃ അടിത്തറ 2.7 കോടി കടന്നു.

ധനലക്ഷ്മി ബാങ്കിന് രണ്ടാം പാദത്തിൽ 48.55 കോടി രൂപ ലാഭം

തൃശൂർ: ധനലക്ഷ്മി ബാങ്ക് ഈ സാന്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ 48.55 കോടി രൂപയുടെ ലാഭം രേഖപ്പെടുത്തി. മുൻവർഷം ഇതേ കാലയളവിൽ നേടിയ ലാഭത്തിൻറെ ഇരട്ടിയോളമാണ് ഇത്. 69.82 കോടി രൂപയാണ് ഇക്കാലയളവിലെ പ്രവർത്തന ലാഭം. ഈ സാന്പത്തിക വർഷത്തിലെ ആദ്യ പകുതിയിലെ ആകെ ലാഭം 73.46 കോടി രൂപയാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിൽ ഇത് 35.38 കോടി ആയിരുന്നു.

മൊത്തം വരുമാനത്തിൽ ത്രൈമാസാടിസ്ഥാനത്തിൽ 24.02 ശതമാനം വാർഷിക വളർച്ചയും, അർധ വാർഷികാടിസ്ഥാനത്തിൽ 21.53 ശതമാനം വളർച്ചയും ബാങ്ക് കൈവരിച്ചു. കഴിഞ്ഞ സാന്പത്തിക വർഷത്തിലെ രണ്ടാം പാദത്തെ അപേക്ഷിച്ച് പലിശ വരുമാനത്തിൽ 22.82 ശതമാനം വളർച്ചയും, പലിശ ഇതര വരുമാനത്തിൽ 37.34 ശതമാനം വളർച്ചയും നേടാൻ സാധിച്ചു. മൊത്തം ബിസിനസ് 21.07 ശതമാനം വാർഷിക വളർച്ചയോടെ 30,146 കോടി രൂപയിൽനിന്ന് 36,499 കോടി രൂപയായി.